**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **04-07-2022 - ൽ മറുപടിയ്ക്ക്**

**ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മാനത്ത് മംഗലം- ഓറോടംപാലം ബൈപ്പാസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പെരിന്തൽമണ്ണ മാനത്ത് മംഗലം - ഓറോടം പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള അനുബന്ധ നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതിനോടകം പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) | ഓറോടം പാലം - മാനത്തുമംഗലം ബൈപ്പാസ് റോഡിനോടനുബന്ധിച്ചുള്ള ROB യുടെ GAD (ജനറൽ അലൈൻമെന്റ് ഡ്രോയിംഗ്) ലഭിക്കുന്നതിനുവേണ്ടി സതേൺ റയിൽവേക്ക് P&E ചാർജ്ജ് ഇനത്തിൽ 16,23,800/- രൂപ അടച്ചിട്ടുണ്ട്. റെയിൽവേയുടെ GAD ലഭിച്ചതിന് ശേഷം മാത്രമേ മറ്റ് അനുബന്ധ രൂപരേഖകൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് 17.01.2022 തിയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സതേൺ റെയിൽവേ ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിന് 25/09/2021 തീയതിയിൽ റോഡ്സ് വിഭാഗം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫണ്ടിന്റെ ലഭ്യത, ശീർഷകം എന്നിവ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.<br><br>2021 ജൂൺ 14 ന് ചേർന്ന അവലോകന യോഗത്തിൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പിന് ആവശ്യമുള്ള എൽ.എ ഗവൺമെൻറ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കൂടാതെ റയിൽവേ GAD ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>പുതുക്കിയ പ്രൊപ്പോസൽ പ്രകാരം ROB യുടെ ഉയരം ഏകദേശം 17 മീറ്ററോളം വരുന്നുണ്ട്. ഇത് കാരണം അധിക സ്ഥലം ആവശ്യമുള്ളതായി വരുന്നതും |

| | | | |
|---|---|---|---|
| | | | അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കുന്നതിന് അധികമായി പാലം സ്പാനുകൾ ആവശ്യമായി വരുന്നതുമാണ്. |
| (സി) | പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ വ്യക്തമാക്കുമോ? | (സി) | 26.11.2021 തിയതിയിൽ ചേർന്ന മലപ്പുറം ജില്ലാ DICC മീറ്റിംഗിൽ ഇക്കാര്യം പരിഗണിക്കുകയും ഈ പദ്ധതി ആർ.ബി.ഡി.സി.കെ-യെ കൊണ്ട് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ